**1253**

മംഗളം മംഗളമേ-നവ്യ വധുവരരിവർക്കിന്നുമെന്നേക്കും
മംഗളം മംഗളമേ!

1 ആദിയിലേദനിൽ നീ-ഭവ്യ ദമ്പതികൾക്കാശിസ്സേകിയതുവിധം
ആദിയിലേദനിൽ നീ നാഥാ അനുഗ്രഹം നൽകിടേണം സർവ്വ-
സൗഭാഗ്യത്തോടെന്നും വാഴുവാനായിവർ-

2 ജീവിതപ്പൂവല്ലിയിൽ-നല്ല കോമളമാം വർണ്ണപ്പൂക്കൾ ചൂടി
ജീവിതപ്പൂവല്ലിയിൽ മോദമിയന്നു സൗരഭ്യം പകർന്നിവർ
മേദിനിയിൽ ശുഭം പാർക്കുവാനായിദം-

3 ക്രിസ്തുവും തൻസഭയും -എന്നപോലിവരേകശരീരമായ് ചേർന്നു
ക്രിസ്തുവും തൻസഭയും വാഴണം വേർപിരിയാതെയന്ത്യം വരം
വേദനയേറുന്ന നേരവും സ്നേഹമായ്-

4 ദൈവികരാജ്യത്തെയും-അതിൻ നീതിയെയും മുമ്പേ തേടിയെന്നും
ദൈവികരാജ്യത്തെയും പാരിലെങ്ങും നല്ല മാതൃക കാട്ടി
സ്വർഗ്ഗീയപുരിനോക്കി യാത്ര ചെയ്‌വാൻ മുദാ- **G.P.**